# അക്കാഡമിക് മാസ്റ്റർ പ്ലാൻ

## 2025-26



# എ.യു.പി.സ്ക്കൂൾ വേലിക്കാട്


വേലിക്കാട് പി ഒ, പാലക്കാട് -678592

**ആമുഖം**

വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം സമൂഹത്തിന് ഗുണകരമായരീതിയിൽ കുട്ടികളെ വളർത്തിയെടുക്കുക എന്നതാണ്. നിരവധി സാമൂഹ്യപ്രർത്തകരുടേയും വിദ്യാഭ്യാസപ്രർത്തകരുടേയും ശ്രമഫലമായാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം ഇന്നത്തെ അവസ്ഥയിലെത്തിയത്. സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ കാരണം ഒരു വലിയ ജനവിഭാഗത്തിന് വിദ്യാഭ്യാസം അന്യമായിരുന്നു. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ഇവർക്കുവേണ്ടി ഒട്ടനവധി പ്രവർത്തനങ്ങൾ സമൂഹത്തിന്റെയും, ഭരണകൂടത്തിന്റെയും നേതൃത്വത്തിൽനടത്തിയിട്ടു .

എല്ലാവർക്കും നിർബന്ധവും,സാർവ്വത്രികവുമായ വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുക യുണ്ടായി. കേരളത്തി എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം നടപ്പിലാക്കാൻ കഴിഞ്ഞു. എങ്കിലും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നേടാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഗുണനിലവാരമുള്ള വിദ്യാഭ്യാസം നടപ്പിലാക്കിയാ മാത്രമേ മൂല്യാധിഷ്ഠിത സമൂഹമെന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ.

നവകേരളമിഷന്റെ ഭാഗമായി കേരളസർക്കാർ വിഭാവനം ചെയ്ത പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പൊതു വിദ്യാലയങ്ങൾക്ക് പുത്തനുണർവ്വ് നല്കിയിട്ടുണ്ട്. പൊതു വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ വിദ്യാലയത്തെയും അന്താരാഷ്ട്രനിലവാരത്തിലെത്തിക്കു ന്നതിനാ വശ്യമായ പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് . കേരളത്തിലെ ഓരോ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റിയാൽ മാത്രമേ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പൂർണ്ണതയിലെത്തിക്കാൻ കഴിയുകയുള്ളൂ. ഇതിനായി നമ്മുടെ വിദ്യാലയത്തിന്റെ ദീർഘകാലലക്ഷ്യങ്ങൾ കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കുകയും പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും വേണം.

❖ **വിദ്യാലയചരിത്രം**

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്ത് വിദ്യലയങ്ങളൊന്നും ഇലാത്തതിനാൽ 7 കിലോമീറ്റർ സഞ്ചരിച്ചാണ് കുട്ടികൾ എത്തിയിരുന്നത്. അതുകൊണ്ടുതന്നെ വിദ്യലയത്തി പോകാത്തവരും ധാരാളംഉണ്ടായിരുന്നു.കർഷകരും കർഷകത്തൊഴിലാളികളും മറ്റു പന്നോക്ക വിഭാഗക്കാരും ധാരാളം അധിവസിക്കുന്ന ഈ പ്രദേശത്തെ അവരുടെ സാമൂഹ്യസാമ്പത്തിക അവസ്ഥ പഠനത്തിന് അനുകൂലമാകുമായിരുന്നില്ല.

വിദ്യാഭ്യാസ കാര്യങ്ങളിൽ തത്പരനായ ശ്രീ.പി.സി.അയ്യപ്പൻകുട്ടിയാണ് 1964- ഈ വിദ്യാലയം സ്ഥാപിച്ചത്. എൽ.പി.വിദ്യാലയമായാണ് വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തി ഒന്നാം തരത്തി 100 കുട്ടികൾ പ്രവേശനം നേടിയിരുന്നു. 1968 വിദ്യാലയം യു.പി.സ്കൂളായി ഉയർത്തി. ശ്രീ.എം.കെ.കാളിദാസൻ മാസ്റ്ററായിരുന്നു ആദ്യ പ്രധാന അധ്യാപകൻ.

ഒന്നാം തരം മുതൽ ഏഴാംതരം വരെ രണ്ടുു ഡിവിഷനുകളായാണ് വിദ്യാലയം പ്രവർത്തിക്കുന്നത്. വിദ്യാലയത്തിൽ പ്രീപ്രൈമറി വിഭാഗം തുടങ്ങി. വിദ്യാലയത്തിന് ചുറ്റുമതിൽ കിണർ, കമ്പ്യൂട്ടർറും, ഓഫീസ്റൂം തുടങ്ങിയവ ഉണ്ട്

കലാകായിക മേഖലകളിൽ ഉപജില്ലക്ക് ഒന്നും രണ്ടും സ്ഥാനങ്ങൾ വിദ്യാലയം നേടാറുണ്. എൽ .എസ്.എസ്, യു. എസ്.എസ് പരീക്ഷകളിൽകുട്ടികൾ പങ്കെടുക്കുകയും വിജയിക്കാറുമുണ്ട്. സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ ,മാത്സ് ടാലന്റ് പരീക്ഷ എന്നിവയിൽ കുട്ടികൾ പങ്കെടുക്കുകയും വിജയിക്കാറുമുണ്ട്. ശ്രീമതി. ആർ.രാജകുമാരി പ്രധാന അധ്യാപികയും ശ്രീ.സി.എ.രഘുനാഥ് ഇപ്പോഴത്തെ മാനേജരുമാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- അക്കാദമികമികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാലലക്ഷ്യത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ഒന്നാം ക്ലാസ്സ് മുതല ഏഴാം ക്ലാസ്സ് വരെ ക്ലാസ് അടിസ്ഥാനത്തിൽപാഠ്യപദ്ധതി കൾക്കനുസൃതമായി കുട്ടികൾ നേടേണ ശേഷികൾക്ക് ഊന്നൽ നൽകി പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും, അവ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുക.
- ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെ അക്കാദമികമികപരമായി വളർച്ച കൈവരിക്കൽ
- പ്രതിഭാധരരായ കുട്ടികളെ കണ്ടെത്തുകയും അവരുടെ കഴിവുകൾ വളർത്തിക്കൊണ്ടുു വരികയും ചെയ്യുക.

- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- അധ്യാപകരുടെഅക്കാദമികമികവ് വർദ്ധിപ്പിക്കുന്നതിനുള്ളപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ലഹരിവിമുക്ത സമൂഹം എന്ന കാഴ്ചപ്പാട് സാക്ഷത്കരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകൽ.
- മണ്ണ്,ജലം,വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായപ്രവർത്തനങ്ങൾക്ക് രൂപം നൽകൽ.
- ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷത്കരിക്കുന്നതിന് വിദ്യാലയത്തി ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ
- കുട്ടികളി  തൊഴിൽ നൈപുണി  ഉണ്ടാക്കുക.
- കുട്ടികളി കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിന് പച്ചക്കറിത്തോട്ടം,ഔഷധത്തോട്ടം എന്നിവ നിർമ്മിക്കൽ
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കുകയും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുകയും ചെയ്യുക.
- കുട്ടികൾ മലയാളം,ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകൾ ആശയവിനിമയത്തിന് ഉതകുന്ന രീതിയിൽ  കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- കലാകായിക പ്രവർത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ പ്രവർത്തനങ്ങൾ നല്കുക.
- വിദ്യാലയത്തിന്റെ തനതു പ്രശ്നങ്ങൾ പരിഹരിക്കുക.

## ❖ നിലവിലെ അവസ്ഥ

അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : എ.യു.പി.സ്കൂൾ വേലിക്കാട്
വേലിക്കാട്(പി.ഒ)
മുണ്ടൂർ പിൻ: 678592
ഫോൺ:0491-2833704

ജില്ല : പാലക്കാട്

വിദ്യാഭ്യാസജില : പറളി

ബി.ആർ.സി : പറളി

**അഡ്മിഷൻ** **2025-26**

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 31 | 20 | 51 |
| 2 | 26 | 20 | 46 |
| 3 | 16 | 27 | 43 |
| 4 | 33 | 20 | 53 |
| 5 | 27 | 26 | 53 |
| 6 | 30 | 23 | 53 |
| 7 | 30 | 26 | 56 |
| പ്രീപ്രൈമറി: | 42 | 33 | 75 |

## ❖ നിലവിലെ അധ്യാപകർ

| | |
|---|---|
| പ്രധാന അധ്യാപകൻ | 1 |
| എൽ.പി.എസ്.എ | 7 |
| യു.പി.എസ്.എ | 8 |
| യു.പി. ഉറുദു | 1 |
| യു.പി ഹിന്ദി | 1 |
| യു.പി സംസ്കൃതം | 1 |
| എല.പി.അറബി | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |

## ❖ നിലവിലെ ഭൗതികസാഹചര്യം

| | |
|---|---|
| ക്ലസ്സ് മുറികൾ | 17 |
| ഓഫീസ് | 1 |
| സ്റ്റാഫ് റൂം | 2 |
| കമ്പ്യൂട്ടറുകൾ | 6 |
| സമാർട്ട് ക്ലാസ്സ് റൂം | 1 |
| പ്രൊജക്ടർ | 2 |
| സയൻസ് ലാബ് | 1 |
| സ്കൂൾ ലൈബ്രറി | 1 |
| ക്ലാസ്സ് ലൈബ്രറി | |
| കളിസ്ഥലം | |
| ശുചിമുറി | 7 |
| പാചകപ്പുര | 1 |
| കിണർ,പൈപ്പ് | |
| സ്കൂൾ ബസ് | 2 |

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- അക്കാദമികമികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാലലക്ഷ്യത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെ ക്ലാസ് അടിസ്ഥാനത്തിൽ പാഠ്യപദ്ധതികൾക്കനുസൃതമായി കുട്ടികൾ നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും, അവ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുക.
- ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെ അക്കാദമികമികപരമായി വളർച്ച കൈവരിക്കൽ.
- പ്രതിഭാധരരായ കുട്ടികളെ കണ്ടെത്തുകയും അവരുടെ കഴിവുകൾ വളർത്തിക്കൊണ്ടുവരികയും ചെയ്യുക.
- ആധുനീക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- അധ്യാപകരുടെഅക്കാദമികമികവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ലഹരിവിമുക്ത സമൂഹം എന്ന കാഴ്ചപ്പാട് സാക്ഷത്കരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകൽ.
- മണ്ണ്,ജലം,വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകൽ.
- ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷത്കരിക്കുന്നതിന് വിദ്യാലയത്തിൽ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ
- കുട്ടികളിൽ  തൊഴിൽ നൈപുണി  ഉണ്ടാക്കുക.
- കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിന് പച്ചക്കറിത്തോട്ടം,ഔഷധത്തോട്ടം എന്നിവ നിർമ്മിക്കൽ.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കുകയും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുകയും ചെയ്യുക.
- കുട്ടികൾ മലയാളം,ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകൾ ആശയവിനിമയത്തിന് ഉതകുന്ന രീതിയിൽ  കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- കലാകായിക പ്രവർത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ പ്രവർത്തനങ്ങൾ നൽകുക.
- വിദ്യാലയത്തിന്റെ തനതു പ്രശ്നങ്ങൾ പരിഹരിക്കുക.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

1. പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ കൃത്യമായും വിദ്യാലയത്തിൽ എത്താത്ത അവസ്ഥ.
2. വിദ്യാർത്ഥികളുടെ ആരോഗ്യകരമായ പ്രശ്നങ്ങൾ.
3. ക്ലാസ്സ് ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ ഷെൽഫുകളുടെ അപര്യാപ്തത.
4. ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുന്നതിന് പ്രത്യേക ലാബ് മുറിയുടെ അപര്യാപ്തത.
5. രക്ഷിതാക്കളുടെ പഠന പിന്നോക്കാവസ്ഥ.
6. കലാകായിക പ്രവർത്തിപരിചയ വിഭാഗങ്ങൾ പഠിപ്പിക്കുന്നതിന് ആവശ്യമായ സ്പെഷലിസ്റ്റ് അധ്യാപകരുടെ കുറവ്.
7. സമാർട്ട് ക്ലാസ്സ് റൂമിലേക്ക് ആവശ്യമായ ഫർണീച്ചറുകളുടെ കുറവ്.
8. ക്ലാസ്സ് പി.ടി.എ. കൂടുതൽ ഫലപ്രദമാകുന്നത് ഉയർന്ന പഠനനിലവാരത്തിലെത്താൻ സഹായിക്കും.
9. ക്ലാസ്സ് പി.ടി.എ ശക്തിപ്പെടുത്തണം.
10. കൂടുതൽ കുട്ടികൾക്ക് എൽ.എസ്.എസ്, യു. എസ്.എസ് ലഭ്യമാകേണ്ടതുണ്ട്.
11. സ്കൂൾ ലൈബ്രറിയിലേക്കും ക്ലാസ്സ് ലൈബ്രറിയിലേക്കും കൂടുതൽപുസ്തകങ്ങൾ ആവശ്യമുണ്ട്.
12. ഗണിതത്തിൽ കുട്ടികൾ പിന്നോക്കാവസ്ഥയിലാണ്. മെച്ചപ്പെടുത്തുന്നതിന് പുതിയബോധനതന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

## പദ്ധതിരൂപീകരണപ്രക്രിയ

1. 2017 ജനുവരി 17 ന് പൊതു വിദ്യാഭ്യാസ സംരക്ഷണ വലയം തീർത്തു.
2. ജൂലായ്ല 8 ന് പൂർവ്വ വിദ്യാർത്ഥിസംഗമം സംഘടിപ്പിച്ചു.
3. എസ്.ആർ.ജി. യോഗത്തിൽ വേലിക്കാട് എ.യു.പി.സ്കൂൾ വിഷൻ-2023 അവതരിപ്പിച്ചു.
4. പി.ടിഎ യോഗത്തിൽ വികസനകാഴ്ചപ്പാട് രൂപപ്പെടുത്തി.
5. കരട് രൂപരേഖ എസ്.ആർ.ജി, പി.ടിഎ, പി.ഇ.സിഎന്നിവിടങ്ങളിൽ അവതരിപ്പിച്ചു. 12.02.2018 അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുജനസമക്ഷം അവതരിപ്പിച്ചു.

## പദ്ധതികൾ- മാതൃഭാഷ

### മലയാളത്തിളക്കം

വിദ്യാർത്ഥികളിൽ മാതൃഭാഷ എഴുതുന്നതിനും വായിക്കുന്നതിനും ക്രമാനുഗതമായി സർഗ്ഗസൃഷ്ടികൾ രൂപപ്പെടുന്നതിനും മലയാളത്തിളക്കം എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കുട്ടിയുടെ പ്രായത്തിനനുസരിച്ച് മാതൃഭാഷയിലുള്ള ഉയർന്ന ശേഷി നേടുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| മലയാളം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി എല്ലാകുട്ടികൾക്കും കൈവരിക്കൽ | 1. പ്രീ-ടെസ്റ്റ്<br>2. പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കൽ<br>3. അക്ഷരം ഉറപ്പിക്കൽ<br>4. അടയാളം ഉറപ്പിക്കൽ<br>5. അക്ഷരകാർഡ് നിർമ്മിക്കൽ<br>6. വാചകകാർഡ് നിർമ്മിക്കൽ<br>7. അടികുറിപ്പ് വായന<br>8. ഐ.സി.ടി സാധ്യതകളിലൂടെയുള്ള വായന<br>9. ചിത്രവായന<br>10. ക്ലാസ്സ് വായനക്കൂട്ട രൂപീകരണം<br>11. ക്ലാസ്സ് ലൈബ്രറി<br>12. പുസ്തക ശേഖരണം<br>13. പത്രവായന<br>14. വായനോത്സവം<br>15. അമ്മ വായന<br>16. ഇ- വായന | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂലായ്<br>ജൂലായ്<br>ജൂലായ്<br>ജൂലായ്<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ | ടീച്ചർ<br>എസ്. ആർ ജി<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>എസ്. ആർ ജി | H.M<br>H.M<br>H.M<br>H.M | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| മലയാളം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി എല്ലാകുട്ടികൾക്കും കൈവരിക്കൽ | 1. പ്രീ-ടെസ്റ്റ്<br>2. പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കൽ<br>3. പദങ്ങൾ എഴുതൽ<br>4. വാചകങ്ങൾ എഴുതൽ<br>5. അടിക്കുറിപ്പ് എഴുതൽ<br>6. ബാക്കി കഥ പൂർത്തിയാക്കൽ<br>7. വിദ്യാരംഗം കലാസാഹിത്യവേദി ബാലസഭ എന്നിവയുടെ രൂപീകരണം<br>8. ചെറുകുറിപ്പ് തയ്യാറാക്കൽ<br>9. വായനക്കുറിപ്പ് തയ്യാറാക്കൽ<br>10. പോസ്റ്റർ നിർമ്മാണം<br>11. എഴുത്തുകൂട്ടരൂപീകരണം<br>12. വായനാക്കുറിപ്പ് മത്സരം<br>13. പുസ്തകചർച്ച<br>14. സർഗ്ഗസൃഷ്ടികളുടെ അവതരണം | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂലായ്<br>ജൂലായ്<br>ജൂലായ്<br>ഓഗസ്റ്റ്<br>സെപ്തംബർ<br>സെപ്തംബർ<br>ഡിസംബർ<br>ജനുവരി -മാർച്ച് | ടീച്ചർ<br>എസ്. ആർ ജി<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>എസ്. ആർ ജി<br>ടീച്ചർ<br>ടീച്ചർ<br>പി.ടി.എ | H.M<br>H.M<br>H.M<br>H.M | 10000 |

## ഈസി ഇംഗ്ലീഷ്

കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ താത്പര്യമുണ്ടാക്കാനും അനായാസം കൈകാര്യം ചെയ്യാനും പ്രാപ്തരാക്കുന്നതിന് **ഈസിഇംഗ്ലീഷ്** എന്ന പദ്ധതി നടപ്പിലാക്കുന്നു. സ്വതന്ത്രമായി ഇംഗ്ലീഷ് സംസാരിക്കാനും വ്യത്യസ്തങ്ങളായ ലേഖന പ്രവർത്തനങ്ങൾ ചെയ്യാനും ഇതിലൂടെ കുട്ടികളെ പ്രാപ്തരാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | • പ്രീ-ടെസ്റ്റ്<br>• പിന്നോക്കക്കാർക്കുള്ള പദ്ധതി രൂപീകരിക്കൽ<br>• ചുറ്റുപാടുമുള്ള ഇംഗ്ലീഷ്പേര് കണ്ടെത്തൽ<br>• ഐ.സി.ടി ഉപയോഗിച്ച് ഇംഗ്ലീഷ് കേൾക്കുന്നതിനുള്ള അവസരം<br>• വായനകാർഡ് നിർമ്മിക്കൽ<br>• വാചകകാർഡ് നിർമ്മിക്കൽ<br>• ചിത്രവായന<br>• ഇംഗ്ലീഷ്പുസ്തക ശേഖരണം<br>• ക്ലാസ്സ് ലൈബ്രറി രൂപീകരണം<br>• പത്രവായന (ക്ലാസ്സ്തലം,സ്കൂൾതലം)<br>• ചുമർപത്രം<br>• ഇംഗ്ലീഷ് അസംബ്ലി<br>• ഇംഗ്ലീഷ് ഡയറി<br>• നിഘണ്ടു നിർമ്മാണം<br>• ഫിലിംക്ലബ്ബ്<br>• ഇംഗ്ലീഷ് ഫെസ്റ്റ് | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂലായ്<br>-ജൂലായ്<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>സെപ്തംബർ-മാർച്ച്<br>ഒക്ടോബർ<br>മാർച്ച്<br>ഫെബ്രുവരി<br>മാർച്ച് | ടീച്ചർ-എസ്.ആർ.ജി<br>എസ്.ആർ.ജി<br>ടീച്ചർ<br>ടീച്ചർ<br>എസ്.ആർ.ജി<br>പിടിഎ<br>എസ്.ആർ.ജി<br>പിടിഎ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ | H.M<br>P.T.A<br>H.M<br>H.M<br>H.M<br>H.M | 1000<br>500<br>1000<br>1000<br>1000 |

## മീട്ടിഹിന്ദി

ഹിന്ദിഭാഷയോട് താത്പര്യം ജനിപ്പിക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി.ഹിന്ദി ഭാഷ പഠനത്തിൽ തുടക്കക്കാരായതുകൊണ്ട് കുട്ടികൾ പലതരത്തിലുള്ള പ്രയാസങ്ങൾ നേരിടുന്നു. ഈ പ്രവർത്തനത്തിലൂടെ ഹിന്ദി പഠനത്തിലുളള പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് കൈവരിക്കാൻ | • പ്രീ-ടെസ്റ്റ്<br>• പിന്നോക്കക്കാർക്കുള്ള പദ്ധതി രൂപീകരിക്കൽ<br>• അക്ഷരകാർഡ് നിർമ്മിക്കൽ<br>• വാചകകാർഡ് നിർമ്മിക്കൽ<br>• ചിത്രകാർഡ്നിർമ്മിക്കൽ<br>• വാക്യ നിർമ്മാണണം<br>• ഐ.സി.ടി ഉപയോഗിച്ച് ഹിന്ദികേൾക്കുന്നതിനുള്ള അവസരം<br>• പുസ്തക ശേഖരണം<br>• ഹിന്ദിഅസംബ്ലി (ആഴ്ചയിൽ ഒന്ന്)<br>• പതിപ്പുനിർമ്മാണം<br>• ഹിന്ദിസാഹിത്യോത്സവം | ജൂൺ<br>ജൂൺ<br>ജൂൺ<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>സെപ്തംബർ<br>ഡിസംബർ<br>മാർച്ച് | ടീച്ചർ<br>ടീച്ചർ-എസ് ആർ ജി<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>പി ടി എ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ | H.M<br>P.T.A<br>H.M<br>P.T.A<br>H.M<br>H.M<br>H.M<br>P.T.A | 500<br>500<br>1000 |

## കുട്ടി ശാസ്ത്രജ്ഞർ

കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്താനും പരീക്ഷണങ്ങൾ ചെയ്യുന്നതിന് താൽപര്യം വളർത്താനും വിദ്യാലയം ഏറ്റെടുത്തു നടത്തുന്നപ്രവർത്തനമാണ് കുട്ടി ശാസ്ത്രജ്ഞർ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളെ ശാസ്ത്രബോധമുള്ളവരാക്കുകയും പരീക്ഷണനിരീക്ഷണങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുകയും ചെയ്യുക. | • ലഘു പരീക്ഷണങ്ങൾ കണ്ടെത്തൽ<br>• ലാബ് സാമഗ്രികൾലിസ്റ്റുചെയ്യൽ<br>• സാമഗ്രികളുടെ ശേഖരണം<br>• ലഘുപരീക്ഷണങ്ങൾ<br>• പരീക്ഷണകുറിപ്പ് തയ്യാറാക്കൽ<br>• ശാസ്ത്രക്ലബ് രൂപീകരണം<br>• ക്വിസ് മത്സരം<br>• ശാസ്ത്രജ്ഞൻമാരെപരിചയപ്പെടൽ<br>• പതിപ്പുനിർമ്മാണം<br>• ഡോക്യുമെന്ററി പ്രദർശനം<br>• ആൽബ നിർമ്മാണം<br>• സെമിനാർ<br>• ഔഷധസസ്യങ്ങൾ കണ്ടെത്തൽ<br>• ഔഷധത്തോട്ടനിർമ്മാണം<br>• ഫുഡ്ഫെസ്റ്റ്<br>• ശാസ്ത്രോത്സവം<br>• ശാസ്ത്ര പഠനയാത്ര<br>• ശാസ്ത്ര നാടകം<br>• പരിക്ഷണ ഉപകരണ നിർമ്മാണം | ജൂൺ<br>ജൂൺ<br>മാർച്ച്<br>ഓഗസ്റ്റ്<br>സെപ്തംബർ<br>സെപ്തംബർ<br>സപ്തംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ<br>നവംബർ<br>ഡിസംബർ<br>ഫെബ്രുവരി | ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>എസ്ആർജി<br>എസ്ആർജി<br>പി ടി എ<br>പി ടി എ<br>ടീച്ചർ<br>ടീച്ചർ | H.M<br>H.M<br>H.M<br>H.M<br>H.M<br>H.M<br>H.M<br>H.M | 1000<br>2000<br>1000<br>500<br>1000 |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടിയെ സാമൂഹ്യബോധമുള്ള പൗരനായി വളർത്തിയെടുക്കൽ | • ഓരോയൂണിറ്റിലേയും നിശ്ചിതപഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായപാഠാസൂത്രണം<br>• ദിനാചരണങ്ങൾ<br>• ക്വിസ് മത്സരം<br>• പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• വിദ്യാലയ ചരിത്ര രചന<br>• രാഷ്ട്രനേതാക്കൻമാരെ കുറിച്ച് പതിപ്പ് തയ്യാറാക്കൽ<br>• ഭൂപടനിർമ്മാണം<br>വാർഡ്,പഞ്ചായത്ത്,ജില്ല,സംസ്ഥാനം, രാജ്യംഎന്നിവയുടെ ഭൂപടം,പതിപ്പ് തയ്യാറാക്കൽ<br>• അഭിമുഖം തയ്യാറാക്കൽ<br>• ഫീൽഡ് ട്രിപ്പ്<br>• ആൽബ നിർമ്മാണം<br>• ചരിത്ര പ്രദർശനം<br>• സ്റ്റാമ്പ് ശേഖരണം<br>• സ്കൂൾ പാർലമെന്റ് | ജൂൺ<br>ജൂൺ<br>മാർച്ച് ജൂൺ<br>ജൂൺ<br>മാർച്ച്<br>ഓഗസ്റ്റ്<br>നവംബർ<br>ജനുവരി<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>സെപ്റ്റംബർ<br>സെപ്റ്റംബർ<br>ജനുവരി<br>ഫെബ്രുവരി<br>ഫെബ്രുവരി<br>ഓഗസ്റ്റ് | ടീച്ചർ<br>എസ്ആർ<br>ജി<br>പി ടി എ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>എസ്ആർ<br>ജി<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ<br>എസ്ആർ<br>ജി<br>എസ്ആർ<br>ജി<br>ടീച്ചർ<br>എസ്ആർ<br>ജി<br>പി ടി എ<br>ടീച്ചർ<br>ടീച്ചർ<br>ടീച്ചർ | H.M<br>H.M<br>H.M<br>P.T.A<br>H.M<br>P.T.A | 500<br>500<br>1000<br>1000<br>2000 |

## ഗണിതവിജയം

കുട്ടികളുടെ ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സ്വന്തമായി ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും വിദാവനം ചെയ്ത പദ്ധതിയാണ് ഗണിതവിജയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാകുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പാക്കുകയും ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക. | • പ്രീ-ടെസ്റ്റ് | ജൂൺ | ടീച്ചർ | | |
| | • തുടർപ്രവർത്തനത്തിന് | ജൂൺ | ടീച്ചർ | H.M | |
| | ആവശ്യമായ | ജൂൺ | ടീച്ചർ | | 500 |
| | മൊഡ്യൂളുകളുടേയും | | ടീച്ചർ | | |
| | സാമഗ്രികളുടേയുംനിർമ്മാണം | ജൂൺ | | H.M | |
| | | | എസ് | | 1000 |
| | • സംഖ്യാകാർഡ്നിർമ്മാണം | | ആർ ജി | | |
| | • സംഖ്യാവ്യാഖ്യാനം | | ടീച്ചർ | H.M | |
| | • സംഖ്യാശ്രേണികളുടെനിർമ്മാണം | സെപ്റ്റം | ടീച്ചർ | P.T.A | 3000 |
| | • വർക്ക്ഷീറ്റുകളുടെനിർമ്മാണം | ബർ | ടീച്ചർ | | |
| | • വിദ്യാലയ ഗണിതവത്ക്കരണം | ജൂലായ് | ടീച്ചർ | | |
| | | | പി ടി എ | | |
| | • ഗണിതശാസ്ത്രജ്ഞൻമാരെ | ജൂലായ് | | | |
| | • പരിചയപ്പെടൽ | ജൂലായ് | | | |
| | • ഗണിതപുസ്തക ശേഖരണം | ഓഗസ്റ്റ് | | | 3000 |
| | • ലൈബ്രറി വിപുലീകരണം | സെപ്റ്റം | എസ് | | |
| | • പാറ്റേൺനിർമ്മാണം | ബർ | ആർ ജി | | 20000 |
| | • സ്ഥാനവില പോക്കറ്റ് | ഒക്ടോബർ | | | |
| | • ഗണിതകിറ്റ് | ജനുവരി | | H.M | |
| | • മാന്ത്രികചതുരം | | | P.T.A | |
| | • ഗണിതലാബ് | ഒരുവർഷം | പി ടി എ | | 3000 |
| | • ഗണിതോത്സവം | | | | |

# കായികപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും മാനസികാരോഗ്യവും കായികക്ഷമതയുമുള്ള കുട്ടികളാക്കുന്നു. | • എല്ലാവർക്കും കായികപരിശീലനം<br>• പോഷകാഹാരം ഉറപ്പിക്കൽ<br>• പ്രത്യേക പരിശീലകരെ കൊണ്ട് കുട്ടികൾക്കു പരിശീലനം<br>• മാസ്ഡ്രിൽ<br>• ഹെൽത്ത്കാർഡ്<br>• വിവിധമത്സരങ്ങളിൽ പങ്കെടുപ്പിക്കൽ<br>• നാടൻകളികളുടെ പരിശീലനം<br>• രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണം<br>• വൈദ്യ പരിശോധന | ജൂൺ- മാർച്ച്<br>ജൂൺ- മാർച്ച്<br>ജൂലായ്<br>ജൂൺ- മാർച്ച്<br>ഓഗസ്റ്റ്<br>നവംബർ<br>നവംബർ | എസ്ആർ ജി<br>പി ടി എ<br>എസ്ആർ ജി<br>പി ടി എ<br>എസ്ആർ ജി<br>പി ടി എ<br>പി ടി എ | H.M P.T.A<br>H.M<br>P.T.A<br>H.M P.T.A<br>H.M P.T.A<br>H.M P.T.A | 5000<br>2000<br>1000<br>500<br>2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാകുട്ടികളും വിദ്യാലയത്തിൽ എത്തുന്നുവെന്ന് ഉറപ്പാക്കൽ | • ഗൃഹസന്ദർശനം | ജൂൺ-ജൂലായ് | ടീച്ചർ | H.M P.T.A | |
| | • രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണം | ജൂലായ് | പി ടി എ | H.M P.T.A | |
| | • പഠന ഉപകരണങ്ങൾ നൽകൽ | ഓഗസ്റ്റ് | പി ടി എ | | 1000 |
| | • ആരോഗ്യ പരിശോധനാക്യാമ്പ് | | എസ്ആർ ജി | H.M P.T.A | 2000 |
| | • ആകർഷകമായ പഠന പ്രവർത്തനങ്ങൾ ഒരുക്കൽ | ജൂൺ-മാർച്ച് | എസ്ആർ ജി | H.M P.T.A<br>H.M | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ലാസ്റൂം പ്രവർത്തനങ്ങൾ നടപ്പാക്കൽ | • ഐ.സി.ടി സാധ്യതകണ്ടെത്തൽ | ജൂൺ | ടീച്ചർ | H.M | 2000 |
| | • സ്ലൈഡ് നിർമ്മാണം | ജൂൺ - മാർച്ച് | ടീച്ചർ | H.M | |
| | • ഡോക്യുമെന്ററി പ്രദർശനം | ജൂൺ - മാർച്ച് | ടീച്ചർ | H.M | |
| | • സി.ഡി. പ്രദർശനം | ജൂൺ- മാർച്ച് | ടീച്ചർ | H.M | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| മിടുക്കരായ കുട്ടികളെ പ്രോത്സാഹിപ്പിക്കൽ | • പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ<br>• എൽ.എസ്.എസ് പരിശീലനം<br>• യു.എസ്.എസ് പരിശീലനം<br>• മാത്സ് ടാലന്റ് പരിശീലനം<br>• പൊതുവിജ്ഞാന ക്ലാസ്സുകൾ<br>• സാമൂഹികപ്രസക്തിയുള്ള പ്രോജക്ടുകളുടെനിർമ്മാണം | ജൂൺ<br>സെപ്റ്റംബർ -<br>ഫെബ്രുവരി<br>ഒക്ടോബർ<br>നവംബർ | ടീച്ചർ<br>എസ്ആർജി<br>ടീച്ചർ<br>എസ്ആർജി<br>ടീച്ചർ<br>എസ്ആർജി | H.M<br>P.T.A<br>H.M<br>H.M<br>H.M<br>P.T.A<br>H.M | 2000<br>1000<br>1000<br>500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| ക്യാമ്പസ്സ് തന്നെ പാഠപുസ്തകം ജൈവവൈവിധ്യ ഉദ്യാനം | • ക്യാമ്പസ്സ് തന്നെ പാഠപുസ്തകം എന്നആശയംസാക്ഷാത്കരിക്കുന്നതിനായിജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കൽ<br>• സസ്യങ്ങളുടെ പേരുകളും അവയുടെശാസ്ത്രീയ നാമങ്ങളും കണ്ടെത്തൽ<br>• ഉദ്യാനത്തിൽ എത്തുന്ന ജീവികളെ നിരീക്ഷിക്കൽ സവിശേഷതകൾ പട്ടികപ്പെടുത്തൽ. | ജൂൺ- മാർച്ച്<br>ഓഗസ്റ്റ്<br>ജൂൺ- മാർച്ച് | പി ടി എ<br>എസ് ആർ ജി<br>എസ് ആർ ജി | H.M P.T.A<br>H.M P.T.A<br>H.M | 40000<br>1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കൽ | • കുട്ടികൾക്ക് പോഷകാഹാരമൂല്യമുള്ള ആഹാരം നൽകൽ.<br>• പ്രഭാതഭക്ഷണം<br>• ഉച്ചഭക്ഷണ പരിപാടിയിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടുത്തൽ.<br>• ആഹാരശീലങ്ങൾ,ആരോഗ്യശീലങ്ങൾഎന്നിവ ഉറപ്പാക്കൽ.<br>• പച്ചക്കറിത്തോട്ടനിർമ്മാണം<br>• വിദ്യാലയത്തിൽ മുരിങ്ങ,പപ്പായ എന്നിവ നട്ടുവളർത്തൽ.<br>• വ്യക്തിശുചിത്വം<br>• ആഹാരശീലം- ബോധവത്ക്കരണം<br>• അതിഥി ക്ലാസ്സുകൾ | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂലായ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ | പി ടി എ<br>പി ടി എ<br>എസ്ആർജി<br>എസ്ആർജി<br>പി ടി എ<br>എസ്ആർജി | H.M P.T.A<br>H.M P.T.A<br>H.M P.T.A<br>H.M P.T.A | 10000<br>1000<br>1000<br>2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| • വിദ്യാർത്ഥികളിൽ ശുചിത്വശീലം വളർത്തുകയും വിദ്യാലയം ശുചിത്വപൂർണ്ണമാക്കുകയും ചെയ്യുക | • കമ്പോസ്റ്റ് നിർമ്മാണം<br>• പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രചരണം<br>• ശുചിത്വസന്ദേശറാലി<br>• പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവത്ക്കരണം<br>• പേപ്പർബാഗ് നിർമ്മാണം<br>• ശുചിത്വക്ലാസ്സ്<br>• തുണിസഞ്ചിനിർമ്മാണം<br>• കടലാസ്പേന നിർമ്മാണം | ജൂൺ<br>ജൂൺ<br>ജൂലായ്<br>ജൂലായ്<br>ജൂലായ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ | പി ടി എ<br>എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി | H.M P.T.A<br>H.M P.T.A<br>H.M P.T.A | 5000<br>500<br>2000<br>2000<br>2500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| • ലഹരിവിമുക്ത സമൂഹത്തെ സൃഷ്ടിക്കൽ | • നോട്ടീസ് നിർമ്മാണം<br>• റാലി<br>• സർവ്വേ<br>• ബോധവത്ക്കരണക്ലാസ്സ്<br>• അതിഥിക്ലാസ്സ്<br>• ഡോക്യുമെന്ററി പ്രദർശനം<br>• പോസ്റ്റർ നിർമ്മാണം<br>• തെരുവുനാടകം | ജൂൺ<br>ജൂലായ്<br>ജൂലായ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>മാർച്ച് | എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി | H.M P.T.A<br>H.M P.T.A<br>H.M P.T.A | 1000<br>1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികൾക്ക് വായിക്കുന്നതിനാവശ്യമായ ലൈബ്രറിപുസ്തകങ്ങൾ കണ്ടെത്തൽ | • കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകശേഖരണം<br>• പുസ്തക പ്രദർശനം<br>• വായനാക്കൂട്ട രൂപീകരണം<br>• എഴുത്തുകൂട്ട രൂപീകരണം<br>• വായനാകുറിപ്പ്നിർമ്മാണം<br>• വായനാകുറിപ്പ് മത്സരം<br>• പത്രങ്ങൾ,മാസികകൾ എന്നിവ സംഘടിപ്പിക്കൽ.<br>• ഷെൽഫ് നിർമ്മാണം | ജൂൺ<br>ജൂലായ്,<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>സെപ്റ്റംബർ<br>ഡിസംബർ | എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി | H.M P.T.A<br>H.M P.T.A<br>H.M P.T.A<br>H.M P.T.A | 10000<br>15000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ നിലവാരം വർദ്ധിപ്പിക്കൽ | • പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തൽ.<br>• മെഡിക്കൽ ക്യാമ്പ്<br>• പ്രത്യേക മത്സരങ്ങൾ<br>• രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണം<br>• ക്യാമ്പുകൾ<br>• പഠനയാത്രകൾ | ജൂൺ<br>ഓഗസ്റ്റ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഡിസംബർ<br>ജനുവരി | എസ്ആർ ജി<br>പി ടി എ<br>എസ്ആർ ജി<br>എസ്ആർ ജി<br>പി ടി എ | H.M P.T.A<br>H.M P.T.A<br>H.M P.T.A<br>H.M P.T.A | 2000<br>5000<br>5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| പഠനപ്രവർത്തനങ്ങൾക്കുതകുന്നരീതിയിൽദിനാചരണങ്ങൾ ആഘോഷിക്കൽ | • ദിനാചരണങ്ങൾ കണ്ടെത്തൽ.<br>• ക്വിസ് മത്സരങ്ങൾ<br>• ചർച്ച ക്ലാസ്സ്<br>• അതിഥിക്ലാസ്സ്<br>• ഡോക്യുമെന്ററിപ്രദർശനം<br>• പോസ്റ്റർനിർമ്മാണം | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ആഗസ്റ്റ്<br>ആഗസ്റ്റ്<br>ഒക്ടോബർ<br>നവംബർ | എസ്ആർജി<br>എസ്ആർജി<br>പി ടി എ<br>എസ്ആർജി<br>എസ്ആർജി | H.M<br>H.M<br>H.M<br>H.M<br>H.M | 500 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| എസ് ആർ ജി ശക്തിപ്പെടുത്തൽ | • കൃത്യമായികൂടിച്ചേരൽ.<br>• ക്ലാസ്സ്റൂം പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുകയും ചെയ്യുക<br>• എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കൽ. | ജൂൺ- മാർച്ച് | എസ്ആർ ജി<br>എസ്ആർ ജി<br>എസ്ആർ ജി | H.M<br>H.M<br>H.M | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| പ്രായമായവരോടും അശരണരോടും സഹാനുഭൂതിയും സഹായമനോഭാവവും വളർത്തുക. | • സ്നേഹനിധി<br>• ഭക്ഷണം,മരുന്ന്,വസ്ത്രം എന്നിവ നൽകൽ.<br>• ഇടയ്ക്കിടയ്ക്ക് ഗൃഹസന്ദർശനം | ജൂൺ-മാർച്ച് | പി ടി എ | H.M<br>P.T.A<br>H.M<br>P.T.A<br>H.M<br>P.T.A | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കൽ | • പഠനപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ എഴുതൽ<br>• ക്ലാസ്സ്തല പതിപ്പുകൾ തയ്യാറാക്കൽ<br>• സ്കൂൾതല പതിപ്പുകൾ തയ്യാറാക്കൽ<br>• മികച്ചരചനകൾഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ പത്രം തയ്യാറാക്കൽ.<br>• വർഷത്തിൽ ഒരു പ്രിന്റ് മാഗസിൻ തയ്യാറാക്കൽ.<br>• കൃത്യമായ ഇടവേളകളിൽ ബാലസഭ,വിദ്യാരംഗം എന്നിവ ചേരൽ.<br>• സ്കൂൾ വാർഷികം ആഘോഷിക്കൽ | ജൂൺ-മാർച്ച്<br>ഓഗസ്റ്റ്<br>ഡിസംബർ<br>മാർച്ച്<br>മാർച്ച്<br>ജൂൺ<br>മാർച്ച് | എസ് ആർ ജി<br>ടീച്ചർ<br>എസ് ആർ ജി<br>എസ് ആർ ജി<br>എസ് ആർ ജി | HM<br>PTA<br>HM<br>PTA<br>HM<br>PTA<br>HM<br>PTA | 10000<br>25000<br>10000<br>50000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാകുട്ടികളേയും പൊതുവിജ്ഞാനമുള്ളവരാക്കുക | • ക്ലാസ്സിലും അസംബ്ലിയിലും പത്രം വായന<br>• പത്രങ്ങളുംഅനുകാലികപ്രസിദ്ധീകരണങ്ങളും വായനാമുറിയിലേക്ക് ശേഖരിക്കൽ.<br>• ബുള്ളറ്റിൻബോർഡ്<br>• പൊതുവിജ്ഞാന ക്ലാസ്സുകൾ.<br>• ക്ലാസ്സ്തല ക്വിസ് മത്സരങ്ങൾ.<br>• മെഗാക്വിസ്.<br>• എന്റെ പൊതുവിജ്ഞാന കുറിപ്പുകൾ പുസ്തക നിർമ്മാണം. | ജൂൺ<br>മാർച്ച്<br>ജൂൺ<br>ജൂലായ്<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ജൂൺ-<br>മാർച്ച് | ടീച്ചർ<br>എസ് ആർ ജി<br>എസ് ആർ ജി<br>എസ് ആർ ജി<br>എസ് ആർ ജി<br>ടീച്ചർ | HM<br>HM<br>HM<br>HM<br>PTA | 1000<br>3500 |